ധാതുവിഭവങ്ങളുടെ വികസനം, ഖനനം എന്നിവയ്ക്കായി സംവിധാനം

11 (*570) ശ്രീ. എൻ. കണ്ണൻ :
ശ്രീ. പി. രാഘവൻ :
ശ്രീമതി കെ.കെ. ശൈലജ ടീച്ചർ :
ശ്രീ. എം.എ. തോമസ് :
ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ധാതുവിഭവങ്ങളുടെ വികസനം, ഖനനം എന്നിവയ്ക്കായി എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ധാതുവിഭവങ്ങളുടെ വികസനം, ഖനനം എന്നീ മേഖലകളിൽ വിദേശ സാങ്കേതിക സഹകരണവും നിക്ഷേപവും ലക്ഷ്യമാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മേഖലകളിൽ എന്തൊക്കെ പുരോഗതി കൈവരിച്ചു എന്ന് വെളിപ്പെടുത്തുമോ;

(ഡി) സംസ്ഥാനത്തെ ഏതൊക്കെ ജില്ലകൾ കേന്ദ്രീകരിച്ചാണ് ധാതു പര്യവേഷണവും ഖനനവും വിപണനവും നടന്നുവരുന്നതെന്ന് വ്യക്തമാക്കുമോ;

(ഇ) സംസ്ഥാനത്തെ ധാതുവിഭവങ്ങളുടെ ഖനനം, വിപണനം എന്നിവയ്ക്കായി ഗുജറാത്ത് ഗവൺമെന്റുമായി ചേർന്ന് എന്തെങ്കിലും പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് വിദേശനിക്ഷേപവും സാങ്കേതിക സഹായവും ലഭ്യമാക്കിയുള്ള വയനാട്ടിലെ സ്വർണ്ണ പര്യവേഷണ പദ്ധതിക്കു തുടക്കം കുറിച്ചുവോ;

(ജി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) സംസ്ഥാനത്തെ ധാതുവിഭവങ്ങളുടെ വികസനം ലക്ഷ്യമാക്കിയുള്ള പര്യവേഷണങ്ങൾ ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ, അറ്റോമിക് മിനറൽസ് ഡിവിഷൻ സംസ്ഥാന മൈനിങ് ആന്റ് ജിയോളജി വകുപ്പ് എന്നിവ നടത്തിവരുന്നു. 1992-ൽ രൂപീകൃതമായ കേരളാ സ്റ്റേറ്റ് മിനറൽ ഡവലപ്മെന്റ് കോർപ്പറേഷൻ (കെംഡൽ) കണ്ണൂർ ജില്ലയിലെ മാടായി പ്രദേശത്ത് ലിഗ്നൈറ്റ്, ചീനക്കളിമണ്ണ് എന്നിവ ഖനനം ചെയ്യുവാനുള്ള വിശദ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി മൈനിംഗ് ലീസിന് അപേക്ഷിച്ചിട്ടുണ്ട്. ഈ പ്രോജക്ടിന് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റേയും കേന്ദ്ര പരിസ്ഥിതി വനമന്ത്രാലയത്തിന്റെയും അനുമതി ലഭ്യമാകേണ്ടതുണ്ട്.

(ബി)&(സി) കേരളത്തിലെ ധാതു വിഭവങ്ങളുടെ പര്യവേഷണത്തിനും വികസനത്തിനുമായി 1977 മുതൽ 1984 വരെ രണ്ട് ഘട്ടങ്ങളിലായി യു.എൽ. ഡി.പി.യുടേയും 1995-96 കാലയളവിൽ ഫ്രഞ്ച് സർക്കാർ സ്ഥാപനമായ ബി. ആർ.ജി.എം.ന്റേയും സാങ്കേതിക സാമ്പത്തിക സഹായം ലഭിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിലമ്പൂരിലെ പ്ലാസർ സ്വർണ്ണ

LIBRARY ARCHIVES Kerala Legislative Assembly

നിക്ഷേപത്തെക്കുറിച്ചുള്ള പരിപാടിക്ക് പുനർദിശാനിർണ്ണയം നടത്തി സ്വർണ്ണാംശത്തിന്റെ ഉത്ഭവസ്ഥാനം കണ്ടെത്തുവാനുള്ള 550 ചതുരശ്ര കിലോ മീറ്റർ പ്രദേശത്തിൽ ജിയോകെമിക്കൽ സർവെ നടപ്പിലാക്കിയതിന്റെ ഫല മായി 15 സൂചനപ്രദേശങ്ങൾ കൂടുതൽ പഠനത്തിനായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) മൈനിംഗ് ആന്റ് ജിയോളജി വകുപ്പു നടപ്പുവർഷത്തിൽ തിരുവ നന്തപുരം, കാസർഗോഡ്, കണ്ണൂർ, കൊല്ലം ജില്ലകളിൽ ചീനക്കളിമണ്ണിനും, കാസർഗോഡ് ജില്ലയിലെ ഭാഗങ്ങളിൽ ലിഗ്നൈറ്റിനും, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഓട് ഇഷ്ടിക കളിമണ്ണിനും, പാലക്കാട് ജില്ലയിൽ ചുണ്ണാമ്പു കല്ലിനും, ആലപ്പുഴ ജില്ലയിൽ സിലിക്കാമണലിനും ഉള്ള പര്യവേഷണങ്ങൾ നടത്തുന്നു. കൂടാതെ കേന്ദ്ര സർക്കാർ സ്ഥാപനമായ ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യ പാലക്കാട് ജില്ലയിലെ അട്ടപ്പാടിയിൽ സ്വർണ്ണ പര്യവേഷ ണവും നടത്തിവരുന്നു.

(ഇ) കേരളാ സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (കെംഡൽ) കണ്ണൂർ ജില്ലയിലെ മാടായിയിലെ നിർദ്ദിഷ്ട ലിഗ്നൈറ്റ്-ചീനക്കളി മണ്ണ് ഖനനത്തിനുള്ള പദ്ധതിയുടെ നടത്തിപ്പിലേക്കായി ഗുജറാത്ത് സർക്കാർ സ്ഥാപനമായ ഗുജറാത്ത് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ഒരു ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ട്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഈ പദ്ധതിക്ക് അനുമതി നിഷേധിച്ചിരിക്കുകയാണ്. കൂടാതെ കേന്ദ്ര പരിസ്ഥിതി, വനം മന്ത്രാലയം ഇതുവരെ അനുമതി ലഭ്യമാക്കിയിട്ടുമില്ല. ആയതിനാൽ ഈ പദ്ധതിക്ക് ഇതുവരെ തുടക്കം കുറിച്ചിട്ടില്ല.

(എഫ്)&(ജി) വയനാട് സ്വർണ്ണമേഖലയിലെ സ്വർണ്ണ ഖനന സാധ്യത തെളിയിക്കുന്നതിനുള്ള പര്യവേഷണം നടത്തുന്നതിന് എ.സി.സി. റിയോ റ്റിന്റോ എക്സ്പ്ലൊറേഷൻ എന്ന സ്വകാര്യ മേഖലയിലുള്ള ഒരു കമ്പനി (50 ശതമാനം വിദേശ പങ്കാളിത്തത്തോടുകൂടിയാണ്) തയ്യാറാക്കിയ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു.

കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ്

12 (*571) ശ്രീ. എ. അലി ഹസ്സൻ :
ശ്രീ. പി.കെ. കുമാരൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കേരള ഇൻഫർമേഷൻ നെറ്റ്വർക്ക് ഫോർ ലോക്കൽ ബോഡീസ്' എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രോജക്ട് സംസ്ഥാനത്ത് നടപ്പിലാക്കിത്തുട ങ്ങിയോ;

(സി) എങ്കിൽ പദ്ധതി നിർവ്വഹണത്തിന്റെ മേൽനോട്ടവും വിലയിരു ത്തലും നടത്തുന്നതിന് പ്രസ്തുത പ്രോജക്ട് എത്രകണ്ട് വിജയിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ പ്രോജക്ടിന് കേന്ദ്ര സർക്കാരിന്റെ ധനസഹായം ലഭിച്ചി ട്ടുണ്ടോ; എങ്കിൽ വിശദവിവരം അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly